(സി) 2014 നവംബർ മാസം വരെ ഔദ്യോഗികാവശ്യങ്ങൾക്കായി എത്ര സർക്കാർ ഉദ്യോഗസ്ഥർ വിദേശ രാജ്യങ്ങൾ സന്ദർശിച്ചു എന്നും ആരൊക്കെയാണ് എന്നും ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്നും അറിയിക്കുമോ ;

(ഡി) ഓരോ യാത്രയ്ക്കും ഓരോ ഉദ്യോഗസ്ഥനും വേണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 11-10-2013-ലെ സ.ഉ.(പി)നമ്പർ 515/2013/ധന. പ്രകാരം സർക്കാർ ഉദ്യോഗസ്ഥരുടെ അംഗീകൃത പദ്ധതികളുമായി ബന്ധമില്ലാത്തതും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതല്ലാത്തതുമായ വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്ന പതിവില്ല.

മുഖ്യമന്ത്രി ഒടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത്

29 (1893) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഏറ്റവുമൊടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത് എന്നായിരുന്നു ;

(ബി) ഈ സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റാരെല്ലാമായിരുന്നു ഉണ്ടായിരുന്നത് ; എത്ര കേന്ദ്രമന്ത്രിമാരെയാണ് നേരിൽകണ്ട് സംഘം ചർച്ച നടത്തിയത് ;

(സി) സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സന്ദർശന വേളയിൽ ഉന്നയിക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരും ഉറപ്പുനൽകുകയുണ്ടായി ; ഇവയിൽ നടപ്പിലാക്കിയവ ഏതെല്ലാം ; നടപ്പിലാക്കാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 ഒക്ടോബർ 16.

(ബി) പ്രധാനമന്ത്രിയെ സന്ദർശിച്ചപ്പോൾ മുഖ്യമന്ത്രിക്കൊപ്പം ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി ജലവിഭവ വകുപ്പുമന്ത്രി, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി, ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി എന്നിവരാണ് ഉണ്ടായിരുന്നത്. പ്രധാനമന്ത്രിയെക്കൂടാതെ കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രി, കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി കേന്ദ്ര കൃഷി വകുപ്പുമന്ത്രി, കേന്ദ്ര വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി എന്നിവരെയാണ് മുഖ്യമന്ത്രി സന്ദർശിച്ചത്.

(സി) പ്രധാനമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. 35-ാമത് നാഷണൽ ഗെയിംസിന്റെ ചീഫ് ഗസ്റ്റായുള്ള ക്ഷണം.
2. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
3. കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ
5. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക
6. മരുന്നുകളുടെ വില നിയന്ത്രണം
7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി
8. വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ VGF (Viability Gap Funding) അനുവദിക്കുക
9. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ നാഷണൽ കാൻസർ സെന്ററാക്കുക
10. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ നിർമ്മാണം
11. സീറോ ലാന്റ്ലെസ് സ്കീം ഗ്രാന്റ് ലഭ്യമാക്കുക

12. FACT പുനരുദ്ധാരണം

13. മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ മൂലധന ചെലവിനുള്ള സാമ്പത്തിക സഹായം 40 ശതമാനത്തിൽനിന്നുയർത്തി മുമ്പുണ്ടായിരുന്ന 75% ആയി പുനഃസ്ഥാപിക്കുക

14. കേരളത്തിൽ സബർബൻ റെയിൽവേ ആരംഭിക്കുക

15. സൊമാലിയൻ കടൽക്കൊള്ളക്കാർ തടവിലാക്കിയ മലയാളികൾ ഉൾപ്പെടെയുള്ള ഇൻഡ്യാക്കാരുടെ മോചനം

16. നൈപുണ്യ വികസന പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം

17. Kerala University of Fisheries and Ocean Studies-ന് സാമ്പത്തിക സഹായം

18. ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ കേന്ദ്രസർക്കാർ ഏറ്റെടുക്കുക

കേന്ദ്രമാനവവിഭവശേഷി വികസന വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള യൂണിവേഴ്സിറ്റിയുടെ 10 ബി.എഡ്. കോളേജുകളുടെ എൻ.സി.റ്റി.ഇ. അംഗീകാരം പുനഃസ്ഥാപിക്കുക

2. ഹൈദരാബാദ് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക

3. കേരളത്തിൽ ഐ.ഐ.ടി. സ്ഥാപിക്കുന്നതിനായി സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ സന്ദർശനം

4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സംസ്ഥാനത്തിനു പുറത്ത് ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന ഓഫ് കാമ്പസ് സെന്ററുകൾ അടച്ചുപൂട്ടുന്നതിന് യു.ജി.സി. നൽകിയ നിർദ്ദേശം പിൻവലിക്കുക

5. ആറാം ശമ്പള പരിഷ്കരണ കമ്മീഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ചെലവായ അധിക തുകയുടെ കേന്ദ്ര വിഹിതമായി 251.26 കോടി രൂപ ലഭ്യമാക്കുക

6. കൊച്ചിയിലെ കുസാറ്റിനെ IIEST (Indian Institute of Engineering Science & Technology) ആയി ഉയർത്തുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
2. വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി സംബന്ധിച്ച പുനരധിവാസത്തിനായുള്ള ധനസഹായം
3. കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്) നോട്ടിഫിക്കേഷൻ സംബന്ധിച്ച കേരളത്തിന്റെ നിർദ്ദേശങ്ങൾ

കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം ഇറമുഖത്ത് Plant Quarantine Station സ്ഥാപിക്കുക
2. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ മൂലധന ചെലവിന്റെ കേന്ദ്രസഹായം 40% ആക്കി ചുരുക്കിയത് 75% ആയി പുനഃസ്ഥാപിക്കുക
3. ഗ്ലോബൽ അഗ്രോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നതിനുള്ള ക്ഷണം
4. കുട്ടനാട് പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക
5. ഇടുക്കി പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക

<u>കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായുള്ള സന്ദർശന വേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു</u> :

1. അഴീക്കൽ, ബേപ്പൂർ, കൊല്ലം ഇറമുഖങ്ങളിൽ ASIDE സ്കീമിൽ ക്രെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ
2. കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

(ഡി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖത്തിന് VGF (Viability Gap Funding) ഉടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്ത ഇനത്തിൽ ക്ലെയിം ചെയ്യപ്പെട്ട 26,014 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.